LIBRARY ARCHIVES Kerala Legislative Assembly

വ്യാജ പിൻതുടർച്ചാവകാശ സർട്ടിഫിക്കറ്റ് ഉണ്ടാക്കിയത് സംബന്ധിച്ച കേസ്

172 (176) ശ്രീ. എൻ. ഷംസുദ്ദീൻ : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി മറുപടി നൽകുമോ :

(എ) എറണാകുളം തോപ്പുംപടി പോലീസ് സ്റ്റേഷൻ അതിർത്തിയിൽ യുണൈറ്റഡ് ഗ്യാസ് ഏജൻസി നടത്തുന്ന കൃഷ്ണദേവ് ഗൗർ, വ്യാജ പിൻതുടർച്ചാവകാശ സർട്ടിഫിക്കറ്റ് ഉണ്ടാക്കിയത് സംബന്ധിച്ച് തോപ്പുംപടി പോലീസ് സ്റ്റേഷനിൽ ഏതെങ്കിലും അറിയിപ്പ് ലഭിച്ചിട്ടുണ്ടോ ;

(ബി) എങ്കിൽ അതിന്മേൽ കേസ് രജിസ്റ്റർ ചെയ്ത് അന്വേഷണം നടത്തിയിട്ടുണ്ടോ ; കേസ് നമ്പർ വ്യക്തമാക്കുമോ ?

ഉത്തരം

(എ) ലഭിച്ചിട്ടുണ്ട്.

(ബി) തോപ്പുംപടി പോലീസ് സ്റ്റേഷനിൽ ക്രൈം 668/2015 നമ്പരിൽ കേസ് രജിസ്റ്റർ ചെയ്ത് അന്വേഷണം നടത്തിവരുന്നു.

ലൈംഗിക പീഡന കേസുകളുടെ എണ്ണം

173(177) ശ്രീ. കെ. കുഞ്ഞമ്മത് മാസ്റ്റർ : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി മറുപടി നൽകുമോ :

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ഇതുവരെ രജിസ്റ്റർ ചെയ്യപ്പെട്ട ലൈംഗിക പീഡനക്കേസുകളുടെ എണ്ണം എത്രയെന്ന് വ്യക്തമാക്കാമോ ;

(ബി) ഇതിൽ എത്ര കേസുകളിൽ അന്വേഷണം പൂർത്തിയായെന്നും എത്ര കേസുകൾ കോടതിയിൽ എത്തിച്ച് വിചാരണ പൂർത്തിയാക്കി എന്നും വ്യക്തമാക്കാമോ ;

(സി) ഈ കേസുകളുമായി ബന്ധപ്പെട്ട് ശിക്ഷിക്കപ്പെട്ടവർ, വെറുതെ വിട്ടവർ, ഇനിയും അറസ്റ്റ് ചെയ്യപ്പെടാനുള്ള പ്രതികൾ എന്നിവരെത്ര ; വ്യക്തമാക്കാമോ ?

ഉത്തരം

(എ) 22950 കേസുകൾ.

(ബി) ഇതിൽ 20149 കേസുകൾ അന്വേഷണം പൂർത്തിയാവുകയും 1769 കേസുകൾ കോടതിയിലെത്തിച്ച് വിചാരണ പൂർത്തിയാക്കുകയും ചെയ്തിട്ടുണ്ട്.

(സി) ശിക്ഷിക്കപ്പെട്ടവർ	-	459
വെറുതെ വിട്ടവർ	-	1296
ഇനിയും അറസ്റ്റ് ചെയ്യാനുള്ളവർ	-	1626